കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2337/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് മലപ്പുറം കാര്യാലയം

മലപ്പുറം ജില്ല

തീയതി.01-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - 2016-17. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ e-submission മുഖേന ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ADC മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.11/17

നം.കെ.എസ്.എ.എം.പി.എം.4/2337/2017 തിയ്യതി:01-11-2017

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2016 മുതൽ 18.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി.കെ. ഷാജി,സീനീയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.10.2017 മുതൽ 26.10.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സുരേഷ്.പി,ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. സെൽമത്ത്. ടി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മൂസ്സ.ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.അബ്ദുൽ കലാം മാസ്റ്റർ | 1.4.2016മുതൽ 31.3.2017വരെ |
| സെക്രട്ടറി | : | ശ്രീ. ഒ.പി. രാംദാസ് | 1.4.2016മുതൽ 17.6.2016വരെ |
| | | ശ്രീമതി രമണി | 18.6.2016മുതൽ19.6.2016വരെ(FN) |

| | | | |
|---|---|---|---|
| | | ശ്രീ. പി.ബൈജു | 19.6.2016മുതൽ 31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ: | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. കൃഷ്ണൻകുട്ടി.പി<br>ശ്രീമതി.സലീല.എസ് | 1.04.2016മുതൽ 31.3.2017വരെ<br>1.04.2016മുതൽ 31.3.2017വരെ |
| പട്ടികജാതി വികസന ഓഫീസർ<br>,, | | ശ്രീ.സുന്ദരൻ<br>ശ്രീ. ചക്രാധർ | 1.4.2016മുതൽ 7.8.2016വരെ<br>8.8.2016മുതൽ 31.3.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി. സജിനി.ഒ | 1.4.2016മുതൽ 9.12.2016 വരെ |
| | | ശ്രീ.ഹംസ.വി.പി | 10.12.2016മുതൽ17.1.12.2017 വരെ |
| | | ശ്രീ.ജിപിൻ.പി | 18.1.2017മുതൽ 31.3.2017 വരെ |
| ശിശു വികസന ഓഫീസർ | | ശ്രീമതി സാലിനബീവി.എം.പി | 1.4.2016മുതൽ 12.7.2016 വരെ |
| | | ശ്രീമതി ജയശ്രീ.എം | 13.7.2016മുതൽ 25.7.2016 വരെ |
| | | ശ്രീമതി.സ്മിത.കെ.എസ് | 26.7.2016മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | | ശ്രീമതി ആയിഷാബീവി.കെ.എസ് | 1.4.2016മുതൽ 11.6.2016വരെ |
| | | ശ്രീമതിലളിതാദേവി.പി.പി | 12.6.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപതി) | | ഡോ:സൗമ്യ | 1.4.2016മുതൽ 31.3.2017വര |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം. | 1.6 | |
| 7 | തനത് വരുമാനം. | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ്ഓഡിറ്റുകൾനടത്തിയതിന്റെവിവരം | 1.1 | |
| | ഭാഗം 2 | | |
| 11 | E-Tender പ്രവൃത്തികൾ- ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടില്ല. | 2-1 | |
| 12 | ചെലവ് തുകകൾ യഥാസമയം സാംഖ്യയിൽ വരവ് വെക്കുന്നില്ല | 2-2 | |
| | ഭാഗം 3 | | |
| 13 | പി.ച്ച്.സി നെട്ടുവ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത .103790രൂപയുടെ അധിക ചെലവ്. | 3-1 | |
| 14 | സിമന്റ് കോൺക്രീറ്റ് അധിക നിരക്കിൽ തുക നൽകി | 3-2 | |
| 15 | പ്ലിന്ത് ബീം സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക തുക നൽകി | 3-3 | |
| 16 | സെറാമിക് ടൈൽ വിരിച്ചതിന് അധിക തുക നൽകി | 3-4 | |

| | | | |
|---|---|---|---|
| 17 | മരാമത്ത് പ്രവൃത്തികൾ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്. പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 3-5 | |
| 18 | GI പൈപ്പിന് അധിക വില നൽകി | 3-6 | |
| 19 | വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ല | 3-7 | |
| 20 | ഫ്ലോറിങ് പ്രവൃത്തികൾക്കുള്ള കോൺക്രീറ്റ് മറ്റ് പ്രവൃത്തികൾക്ക് നൽകുന്നത് മൂലം അധിക ചെലവ് | 3-8 | |
| 21 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്തവർക്ക് ധനസഹായം നൽകി | 3-9 | |
| 22 | നിക്ഷേപത്തുകകൾ - സമയപരിധി കഴിഞ്ഞവ സംബന്ധിച്ച് | 3-10 | |
| 23 | മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ് | 3-11 | |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - വിശദവിവരങ്ങൾ ലഭ്യമല്ല | 3-12 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 30 | ഓഡിറ്റ് റിക്കവറി | 4.6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1(a)/4.3.2016 | 1(2)/20.3.2017 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 17.5.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 25-10-17 | കെ.എസ്.എ.എം.പി.എം. 4 /17, തീ: |

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു

വാർഷിക കണക്കുകളിലെ അപാകതകൾ

1.വർഷാന്ത്യ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

3. AFS പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് 4400 രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 3,77,020 രൂപയാണ്.

4. മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

5. Hire charges of Harvester എന്ന ഇനത്തിൽ AFS പ്രകാരമുള്ള വരവ് 44,083 രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 77,583 രൂപയാണ്.

6. ലേലം ഇനത്തിൽ യഥാർത്ഥത്തിൽ 21,100 രൂപ വരവ് ഉണ്ടെങ്കിലും AFSൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.
7.വാടക ഇനത്തിലുള്ള വരവിന്റെ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

8. 2016 ഏപ്രിൽ, മെയ് മാസങ്ങളിലെ വരവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ചിട്ടില്ല (അംഗീകരിച്ചത് ചെലവ് മാത്രം)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 29658928 |
| വരവ് | 70800148 |
| ആകെ | 100459078 |
| ചെലവ് | 79516256 |
| നീക്കിബാക്കി | 20942820 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 37372461 | 37372461 | 27914200 | 9458261 | 0 | 74.69 |
| വികസന ഫണ്ട്(എസ്.സി.പി) | - | 10673658 | 10673658 | 9259122 | 1414536 | 0 | 86.74 |
| വികസനഫണ്ട് (ടി.എസ്.പി) | - | 45942 | 45942 | 0 | 45942 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 5818671 | 5818671 | 4168514 | 1650157 | | 71.64 |

## 1-6 പദ്ധതി അവലോകനം.

എ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 93853112 | 73 | 4341836 | - | 25 | 74 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 235912 | 334899 | 98987 | (+) 41.96 |

| | | | | |
|---|---|---|---|---|
| ആകെ | 235912 | 334899 | 98987 | (+) 41.96 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന19.10.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തൊട്ട് മുമ്പുള്ള പ്രവൃത്തി ദിവസം (17.10.2017) വരവൊന്നും ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുക ഉണ്ടായിരുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.7.2016 മുതൽ 30.6.2016 വരെ | 2015-16 | 30.11.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 18.8.2016 മുതൽ 20.8.2016 വരെ | 2011-12 മുതൽ 201516വരെ | 27.12.2016 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 E-Tender പ്രവൃത്തികൾ- ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവ് വന്നിട്ടില്ല.

2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആകെ നടപ്പാക്കിയ 41 മരാമത്തു പ്രവൃത്തികളിൽ 22 എണ്ണവും E-Tender മുഖേനയായിരുന്നു. ഇവയുടെ ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടില്ല. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ചെലവ് തുകകൾ യഥാസമയം സാംഖ്യയിൽ വരവ് വെക്കുന്നില്ല

വിവിധ ബാങ്കുകളിൽ നിന്ന് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകളുടെ വിവരം യഥാസമയം സാംഖ്യയിൽ വരവ് വെക്കുന്നില്ല. 2016 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ വിവിധ ബാങ്കുകളിൽ നിന്ന് പിൻവലിച്ച തുകകളുടെ വിവരം 2016 സെപ്തംബർ മാസത്തിൽ മാത്രമാണ് വരവ് വെച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയ്യതി | തുക | സാംഖ്യയിൽ ഉൾപെടുത്തിയ തീയ്യതി |
|---|---|---|---|
| 10333 | 16.4.2016 | 56000 | 6.9.2016 |
| 10334 | 16.4.2016 | 20000 | 6.9.2016 |

ചെലവുകൾ യഥാസമയം സൈംഖ്യയിൽ ഉൾപെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.ച്ച്.സി നെടുവ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത .103790രൂപയുടെ അധിക ചെലവ്.

ബിൽ. 45/26.3.2016 തുക. 466304

ബിൽ. 17/10.11.2016 തുക. 298777

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം രണ്ട് ക്വാർട്ടേഴ്സുകളുടെ മുകളിൽ ഷീറ്റ് റൂഫിങ് പ്രവൃത്തിക്ക് വേണ്ടി 40 mm പൈപ്പ് ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്യതിന് 302.12/kg നിരക്കിലും, ഇനം രണ്ട് പ്രകാരം പർലിൻ വർക്ക് ചെയ്യതിന് 153.85/kg നിരക്കിലും ആണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് യഥാക്രമം 143.45/kg, 116.72/kgരൂപ വീതം ആണ്. ഈ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ വെൽഡിങ്ങിന് cm-ന് 2 രൂപ നിരക്ക് (code 1215) നൽകേണ്ടതിന് പകരം 35 രൂപ നൽകിയതിനാലാണ് അപാകത സംഭവിച്ചത്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 2/23.10.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

1.എസ്റ്റിമേറ്റിനോടൊപ്പമുള്ള ഒബ്സർവ്ഡ് ഡാറ്റയിൽ വെൽഡിങ്ങിന് code 1215 എന്ന് തെറ്റായി ചേർത്തതാണെന്നും അത് MR 6037 പ്രകാരമുള്ള ഇല്ക്ട്രോഡുകളുടെ എണ്ണമാണ് ഉദ്ധേശിച്ചിട്ടുള്ളത് എന്നും, 39.06kg ട്രസ്സ് വർക്കിന് 29 എണ്ണം ഇല്ക്ട്രോഡുകൾ ഉപയോഗിക്കേണ്ടിവരുമെന്നുമാണ്.

2. മെക്കാനിക്കൽ വിഭാഗത്തിന്റെ ഇതെ ആവശ്യത്തിനുള്ള ഒബ്സർവ്ഡ് ഡാറ്റയിൽ (85.109) 260kg ട്രസ്സ് വർക്കിന് 616 എണ്ണം ഇല്ക്ട്രോഡുകൾ ഉപയോഗിക്കേണ്ടിവരുമെന്നും അതനുസരിച്ച് മേൽ പ്രവൃത്തിക്ക് 93 ഇല്ക്ട്രോഡുകൾ ആവശ്യമുണ്ടെങ്കിലും 29 എണ്ണം മാത്രമേ കൊടുത്തിട്ടുള്ളൂ എന്നും മറുപടി നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

1. ഈ പ്രവത്തിക്ക് സാങ്കേതികാനുമതി നൽകിയ നവമ്പർ 2015 മാസത്തിൽ ഇതേ ഉദ്യോഗസ്ഥൻ തന്നെ സാങ്കേതികാനുമതി നൽകിയ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് മീറ്റിങ് ഹാൾ നവീകരണം, 2015മെയ് മാസത്തിൽ സാങ്കേതികാനുമതി നൽകിയ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ 13-ാം നമ്പർ അംഗൻവാടിയിൽ വനിത ശാക്തീകരണ കേന്ദ്രം എന്നീ പ്രവൃത്തികളിൽ ട്രസ്സ് വർക്കിന് 134.25/Kg എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

2.മുകളിൽ പരാമർശിച്ച 2 പ്രവൃത്തികളിലും DSR 10.16.1 ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത ഡാറ്റയിൽ വെൽഡിങ്ങിന് cm-ന് 2 രൂപ നിരക്കാണ് (code 1215) നൽകിയിട്ടുള്ളത്.

3. ഈ പ്രവൃത്തിക്ക് (ട്രസ്സ് വർക്കിന് ) ഇപ്പോൾ പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായ തദ്ദേശ സ്വയം ഭരണ വകുപ്പ് അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റയിലും (കോഡ് 50.10.2) വെൽഡിങ്ങിന് cm-ന് 2 രൂപ നിരക്ക് (code 1215) മാത്രമാണ് നൽകിയിട്ടുള്ളത്. (10.16.1 ഡാറ്റയിൽ മിൽഡ് സ്റ്റീൽ ഉപയോഗിച്ചുള്ള പൈപിനുള്ള നിരക്ക് ആണ്. ആയതിന് പകരം ഇവിടങ്ങളിൽ Giപൈപ്പ് ഉപയോഗിക്കുന്നതിനാൽ GI പൈപ്പിനുള്ള നിരക്ക് ഉപയോഗിച്ച് ഡാറ്റ തയ്യാറാക്കിയതിനാലാണ് ഒബ്സർവ്ഡ് ഡാറ്റ ആവശ്യമായി വന്നത്. മിൽഡ് സ്റ്റീൽ പൈപ്പ് Giപൈപ്പ്എന്നിവ തമ്മിലുള്ള വില വ്യതിയാനം കാരണമാണ് 134.25/Kg എന്നത് 143.45/kg ആയിമാറിയത് )

4. ട്രസ്സ് വർക്ക് എന്നത് സിവിൽ വർക്ക് ആണ് . ആയതിന് DSRലും, പ്രൈസ് സോഫ്റ്റ് വെയറിലും ഡാറ്റ ലഭ്യമായിരിക്കെ മെക്കാനിക്കൽ വിഭാഗത്തിന്റെ ഡാറ്റ ഉപയോഗിക്കേണ്ട ആവശ്യമില്ല.

4. 39.06kg ട്രസ്സ് വർക്കിന് 29 എണ്ണം ഇല്ക്ട്രോഡുകൾ ഉപയോഗിക്കേണ്ടിവരുമെന്നുമെന്നുള്ളതും ശരിയല്ല. 39.60kg എന്നുള്ളത് പർലാൻ പ്രവൃത്തിക്കുള്ള ഡാറ്റയുടെ ഉക്കം ആണ്. . ട്യൂബുലാർ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ്സ് വർക്കിന് 112.53kg നാണ് ഡാറ്റ തയ്യാറാക്കുന്നത്.

അധികം നൽകിയ 103790 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| പി.ച്.സി നെടുവ വിവിധകെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ(17/17)<br>കരാറുകാരൻ. ശ്രീ അമീർ അലി.എൻ (9.99%കുറവ്)<br>അളവ് പുസ്തകം 196/15-16<br>കോസ്റ്റ് ഇൻഡക്സ്: 30.48 | 1. 40mm dia GI പൈപ്പ്ഉപയോഗിച്ച് ട്രസ്സ് വർക്ക് | 569.22Kg | 81655 (@143.45/kg) | 171973 (@302.12/m.) | 90318 |
| ,, | പർലിൻ | 672.91Kg | 78542 (@116.72/kg) | 103533 (@153.85/kg) | 24991 |
| | | | | ആകെ | 115309 |

| | | |
|---|---|---|
| | ആകെ അധികം 9.99%ടെണ്ടർ കുറവ് നൽകിയതിന് ശേഷം<br>(115309-11519) | 103790 |

ഡാറ്റയുടെ വിശദ വിവരം

| ട്രസ്സ് | | പർലിൻ | |
|---|---|---|---|
| ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 112.53kg നൽകിയ നിരക്ക്. | 33997.84 | ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 39.06kg നൽകിയ നിരക്ക് | 6009.40 |
| (-)തെറ്റായി നൽകിയ വെൽഡിങ് ചാർജ്<br>(357cm*35=12495, 1% വാട്ടർ ചാർജ്, 15% കരാറുകാരന്റെ ലാഭ വിഹിതം, കോസ്റ്റ് ഇൻഡക്സ് 30.48% ഉൾപെടെ) | 18936.48 | (-)തെറ്റായി നൽകിയ വെൽഡിങ് ചാർജ്<br>(29cm*35=1015, 1% വാട്ടർ ചാർജ്, 15% കരാറുകാരന്റെ ലാഭ വിഹിതം, 30.48% ഉൾപെടെ) | 1538.25 |
| (+)നൽകാവുന്ന വെൽഡിങ് ചാർജ്<br>(357cm*2=714,1% വാട്ടർ ചാർജ്, 15% കരാറുകാരന്റെ ലാഭ വിഹിതം, 30.48% ഉൾപെടെ) | 1082.08 | (+)നൽകാവുന്ന വെൽഡിങ് ചാർജ്<br>(29cm*2=58,1% വാട്ടർ ചാർജ്, 15% കരാറുകാരന്റെ ലാഭ വിഹിതം, 30.48% ഉൾപെടെ) | 87.90 |
| ആകെ 112.53kg ന് | 16143.44 | ആകെ 39.06kg ന് | 4559.05 |
| 1Kg ക്ക് നൽകാവുന്നത് തുക | 143.45 | 1Kg ക്ക് നൽകാവുന്നത് | 116.72 |

## 3-2 സിമന്റ് കോൺക്രീറ്റ് അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരിങ്കല്ലത്താണി കരിമ്പന റോഡ് ടാറിങ്ങ് എന്ന പ്രവൃത്തിയുടെ 12-ാം ഇനമായി കൾവർട്ട് നിർമ്മിക്കുന്നതിന് അബട്മെന്റിന് 40 mm മെറ്റലും ഫൈൻ സാന്റും ഉപയോഗിച്ചുള്ള 1:3:6 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ആണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി തറ നിരപ്പിന് താഴെയുള്ളതായതിനാൽ ( up to plinth level) DSR ഡാറ്റ4.1.7 പ്രകാരമുള്ള 5991.74 /m3 നിരക്കാണ് ഈ ഇനത്തിന് അനുവദനീയമായിട്ടുള്ളത്. എന്നാൽ തറ നിപ്പിന് മുകളിൽ 5 നിലവരെയുള്ള ( up to floor five level) കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകാവുന്ന DSR ഡാറ്റ4.2.7 പ്രകാരമുള്ള 7331.45/m3 നിരക്കാണ് ഈ ഇനത്തിന് നൽകിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് 2/23.10.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രവൃത്തി സ്ഥലം പരപ്പനങ്ങാടി പഞ്ചായത്തിലാണെന്നും അവിടെ മണൽ കലർന്ന മണ്ണ് ആയതിനാൽ ഇടിഞ്ഞ് വീഴാതിരിക്കാനാണ് 4.1.7 എന്ന ഡാറ്റ പ്രകാരമുള്ള നിരക്കിന് പകരം 4.2.7 എന്ന ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

എന്നാൽ 4.1.7 എന്നത് തറ നിരപ്പ് (Plinth level) വരെയുള്ള പ്രവൃത്തികൾക്ക് ബാധകമായ കോൺക്രീറ്റിങ്ങിനുള്ള നിരക്കും 4.2.7 എന്നത് എന്നാൽ തറ നിരപ്പിന് മുകളിൽ 5 നിലവരെയുള്ള ( up to floor five level) കോൺക്രീറ്റ് പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്കുമാണ്. അല്ലാതെ മണ്ണിന്റെ ഘടനയുമായി ഇവക്ക് ബന്ധമൊന്നുമില്ല. തറ നിരപ്പിന് മുകളിലേക്കുള്ള കോൺക്രീറ്റ് പ്രവൃത്തിയിൽ

സ്കഫോൾഡിങ്ങിനും ഉയരങ്ങളിലേക്ക് കോൺക്രീറ്റ് എത്തിക്കുന്നതിന് പ്രത്യേക നിരക്കും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ അബട്മെന്റിന്റെ ഉയരം 1 മീറ്റർ മാത്രമായതിനാൽ 4.2.7 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല

അധികം നൽകിയ 28439രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| കരിങ്കല്ലത്താണി കരിമ്പന റോഡ് ടാറിങ്ങ്(93/17)<br>കരാറുകാരൻ ശ്രീ. മൂസ്സ.കെ (21.7% കുറവ്)<br>അളവ് പുസ്തകം 234/15-16<br>ബിൽ.16/10.11.2016<br>തുക. 657716<br>കോസ്റ്റ് ഇൻഡക്സ് 36.19% | 1:3:6 അനുപാതത്തിലുള്ള സിമന്റ്കോൺക്രീറ്റ് | 27.11m3 | 162436<br>(@5991.74/m3) | 198756<br>(@7331.45/m.) | 36320 |
| | 21.7% ടെണ്ടർ കുറവ് നൽകിയതിന് ശേഷം അധികം (36320-7881) | | | | 28439 |

## 3-3 പ്ലിന്ത് ബീം സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബ്ലോക്ക് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ കോൺക്രീറ്റിനായി 1:1.5:3അനുപാതത്തിനുള്ള പ്രബലിത സിമന്റ് കോൺക്രീറ്റ് ചെയ്തതിന് DSR കോഡ് 5.2.2 പ്രകാരം തറ നരപ്പിന് മുകളിലേക്കുള്ള (up to floor five level) കോൺക്രീറ്റിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR കോഡ് 5.1.2 പ്രകാരം തറ നിരപ്പ് വരെയുള്ള പ്രവൃത്തികൾക്ക് (Up to plinth level) നിരക്ക് നൽകിയാൽ മതിയാവുന്നതാണ്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 8/26.10.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, DSR സ്പെസിഫിക്കേഷൻ 5.2പ്രകാരം പ്ലിന്ത് ബീമിന് മേൽ ഇനം കൊടുക്കാവുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്.

5.2.2 പ്രകാരമുള്ള ഡാറ്റ തറ നരപ്പിന് മുകളിൽ 5 നിലവരെ ഉയരത്തിലുള്ള പ്രവൃത്തികൾക്ക് മാത്രം ബാധകമായ നിരക്കാണ് എന്ന് വ്യക്തമാണ്. തറ നിരപ്പിന് മുകളിലേക്കുള്ള കോൺക്രീറ്റ് പ്രവൃത്തിയിൽ സ്കഫോൾഡിങ്ങിനും ഉയരങ്ങളിലേക്ക് കോൺക്രീറ്റ് എത്തിക്കുന്നതിന് പ്രത്യേക നിരക്കും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ളവ ആവശ്യമില്ല. മാത്രമല്ല ബ്ലോക്ക് പഞ്ചായത്ത് ഈ

വർഷം തന്നെ നടപ്പിലാക്കിയ ആനങ്ങാടി ബീച്ച് 82-ാം നമ്പർ അംഗൻവാടിക്ക് കെട്ടി നിർമ്മാണം (91/17) എന്ന പ്രവത്തിയിലും, ചെരിച്ചി-ലക്ഷം വീട് കോളനി തിരുത്തി കുടിവെള്ള പദ്ധതി എന്ന പ്രവത്തിയിലും പ്ലിന്ത് ബീം കോൺക്രീറ്റിനായി 1:1.5:3അനുപാതത്തിനുള്ള പ്രബലിത സിമന്റ് കോൺക്രീറ്റ് ചെയ്യുതിന് DSR കോഡ് 5.1.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ 11138 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവ്യത്തി | ഇനം | പ്രവ്യത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| ബ്ലോക്ക്ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം (51/17)<br>കരാറുകാരന്. ശ്രീ കെ.മൂസ്സ (19.70% below)<br>കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 252/15-16 | ഇനം 6. 1:1.5:3അനുപാതത്തിനുള്ള പ്രബലിത സിമന്റ് കോൺക്രീറ്റ് | $12.07m^3$ | 82237<br>(@6813.38/$m^3$ .19.70% ടെണ്ടർകിഴിവിന് ശേഷം) | 93375<br>(@7736.102/$m^3$ .19.70% ടെണ്ടർ കിഴിവിന് ശേഷം) | 11138 |

## 3-4 സെറാമിക് ടൈൽ വിരിച്ചതിന് അധിക തുക നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ 13-ാം നമ്പർ അംഗൻവാടി കേന്ദ്രീകരിച്ച് വനിത ശാക്തീകരണ കേന്ദ്രം എന്ന പ്രവ്യത്തിയിൽ ഇനം 12 ആയി സെറാമിക് ടൈൽ വിരിച്ചതിന് 1710.20/$m^2$ നിരക്കിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. മേൽ നിരക്ക് വെർട്ടിഫൈഡ് ടൈൽ വിരിക്കുന്നതിനുള്ള നിരക്കാണ്. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 24.10.2017തീയ്യതി പ്രവ്യത്തി സ്ഥലം സന്ദർശിച്ചപ്പോൾ ഇവിടെ സെറാമിക് ടൈൽ (300*300mm) ആണ് വിരിച്ചിട്ടുള്ളത് എന്ന് കണ്ടു. പ്രവ്യത്തിയുടെ അളവ് പുസ്തകത്തിലും (242/15-16 പേജ് 14,15) സെറാമിക് ടൈൽ ആണ് വിരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിന് 1069.63/m2 നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. അധികം നൽകിയ 20257 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവ്യത്തി | ഇനം | പ്രവ്യത്തി ചെയ്ത | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അളവ് | | | |
| തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ 13-ാം നമ്പർ അംഗൻവാടി കേന്ദ്രീകരിച്ച് വനിത ശ്ക്തീകരണ കേന്ദ്രം (11/17)<br>ബിൽ. 21/15.3.2017<br>തുക. 657716<br>കോസ്റ്റ് ഇൻഡക്സ്. 30.48% | സെറാമിക് ടൈൽ (300*300mm) | 32.90m | 35191 (@1069.63 /m$^2$) | 56266 (@1710.20/ m$^2$ ) | 21075 |
| | 3.88% ടെണ്ടർ കിഴിവിന് ശേഷം അധികം (21075-818 ) | | | | 20257 |

## 3-5 മരാമത്ത് പ്രവൃത്തികൾ- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്. പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയ ചുവടെ കാണിച്ച തുകകളുടെ കൈപറ്റ്, പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

| പ്രവൃത്തി | ട്രഷറി ബിൽ | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| ചാലിൽ SC കോളനി കുടിവെള്ള പദ്ധതി ബ്ലോക്ക് ഷെയർ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന് നൽകിയത്. (101/17) | 27/24.3.2017 | 550000 | തേഞ്ഞിപ്പലം |
| നട്ടുപറമ്പ് എട്ടിലാക്കൽ റോഡ് ടാറിങ്ങ് ബ്ലോക്ക് ഷെയർ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന് നൽകിയത്.(130/17) | 28/30.3.2017 | 480000 | മൂന്നിയൂർ |
| ആകെ | | 1030000 | |

## 3-6 GI പൈപ്പിന് അധിക വില നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെരിച്ചി- ലക്ഷം വീട് കോളനി - തിരുത്തി കുടിവെള്ള പദ്ധതി (നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്) എന്ന പ്രവൃത്തിയിൽ പൈപ്പ് ലൈൻ പ്രവൃത്തിക്കായി GI പൈപ്പ് സ്ഥാപിച്ചതിന് കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. GI പൈപ്പ്

സ്ഥാപിക്കുന്നതിന് DSR പ്രാകരമുള്ള ഡാറ്റയിൽ പ്രവൃത്തിക്കായി മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുക ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ GI പൈപ്പ് സ്ഥാപിച്ചത് തറ നിരപ്പിന് മുകളിലാണെന്നും,മണ്ണ് കിളച്ചെടുത്തിട്ടില്ല എന്നും 24.10.2017ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ മണ്ണ് കിളച്ചെടുക്കുന്നിനും, റീഫില്ലിങ്ങിനുമുള്ള നിരക്ക് കുറവ് ചെയ്തതിന് ശേഷമുള്ള തുക മാത്രമാണ് ഈ ഇനത്തിന് നൽകാവുന്നത്.

അധിക തു നൽകിയതിന് വിശദീകരണം ആവസ്യപ്പെട്ട് 4/25.10.2017 നമ്പറായി നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് , 15 മീറ്റർ പൈപ്പ് മാത്രമാണ് മണ്ണിന് മുകളിലുള്ളത് എന്നും ബാക്കി മണ്ണിലുള്ളിലാണെന്നും, ഡാറ്റയിൽ പൈപ്പിടാൻ ചാല് കീറുന്നതിനുള്ള അളവ് പറഞ്ഞിട്ടില്ല എന്നും മറുപടി നൽകി.

15 മീറ്റർ പൈപ്പ് മാത്രമാണ് പരിശോധിച്ചത് ബാക്കി പൈപ്പുകൾ സ്ഥാപിച്ച ഭാഗങ്ങൾ കാട് മൂടിക്കിടന്നിരുന്നതിനാലാണ് പരിശോധിക്കാൻ കഴിയാതിരുന്നത്.എങ്കിലും GI പൈപ്പ് തറ നിരപ്പിന് മുകളിലാണ് ഉപയോഗിക്കുക എന്ന് എഞ്ചിനീയർ പരിശോധന വേളയിൽ വാക്കാൽ പറഞ്ഞിരുന്നു. തദടിസ്ഥാനത്തിലാണ് സ്ഥല പരിശോധല റിപ്പോർട്ടിൽ അദ്ധേഹം ഒപ്പ് വെച്ചതും. കൂടാതെ മണ്ണിനടിയിലേക്കായിരുന്നെങ്കിൽ PVC പൈപ്പ് മതിയാകുമായിരുന്നു. അതിന് പകരം GI പൈപ്പ് ഉപയോഗിച്ചതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുമില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ 14231 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| ചെരിച്ചി- ലക്ഷം വീട് കോളനി – തിരുത്തി കുടിവെള്ള പദ്ധതി (94/17)<br>കരാറുകാരൻ ശ്രീ. മുഹമ്മദ്കുട്ടിപി.കെ<br>കരാർ തുക 554155.20 (ഐറ്റം റേറ്റ് കോൺട്രാക്റ്റ്)<br>അളവ് പുസ്തകം 253/15-16<br>ബിൽ. 31/30.3.2017<br>തുക. 474368<br>കോസ്റ്റ് ഇൻഡക്സ് | 4. 50mmdia GI പൈപ്പ് | 207.05 m | 98421<br>(@475.35/m) | 112652<br>(@544.08/m.) | 14231 |

| | | | | | |
|---|---|---|---|---|---|
| 36.19% | | | | | |
| | അധികം | | | | 14231 |

## 3-7 വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ല

താഴെ പറയുന്ന ആവശ്യങ്ങൾക്ക് ചെലവഴിച്ച തുകകൾക്കാധാരമായ വിനിയോഗവിവരങ്ങൾ/രശീതികൾ ലഭ്യമായിട്ടില്ല.

| പ്രൊജക്റ്റ്, | തുക | വൗച്ചർ/ബിൽ നമ്പർ | സ്ഥാപനം |
|---|---|---|---|
| 111/17<br>പീലിയംപോത്തുകുണ്ട് വൈദ്യുതിലൈൻനീട്ടൽ<br>ആനങ്ങാടി ഏത്തുകാട് വോൾട്ടേജ്ഇംപ്രൂവ്മെന്റ് | 3,45,000<br>55,138 | ബിൽ<br>29/16.03.17 | കെ.എസ്.ഇ.ബി,<br>തിരൂരങ്ങാടി |
| 126/17 സോഷ്യൽ സെക്യൂരിറ്റി മിഷന് ധനസഹായം | 10,00,000 | Bill20/28.2.17 | എക്സിക്യൂട്ടീവ് ഡയരക്ടർ, KSSM |
| 107/17 വികലാംഗ സ്കോളർഷിപ്പ്പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന് വിഹിതം | 60,000 | Bill38/29.3.17 | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 127/17 ആസൂത്രണസമിതി കെട്ടിടത്തിന് വിഹിതം | 3,00,000 | Bill19/28.2.17 | ജില്ലാആസൂത്രണസമിതി,<br>മലപ്പുറം |
| മൂന്നിയൂർഗ്രാമപഞ്ചായത്തിലെ പറപ്പിലാക്കൽ 129-അംഗനവാടികെട്ടിടനിർമ്മാണം | 6,68,000 | Bill31/22.3.17 | മൂന്നിയൂർ ഗ്രാമപഞ്ചായത്ത്സെക്രട്ടറി |
| പെന്റാസ്, ചെമ്മാടുനിന്നും കമ്പ്യൂട്ടർ മദർബോർഡ്, കേമറ, കമ്പ്യൂട്ടർ സ്പീക്കർ എന്നിവ വാങ്ങിയത് | 7,200 | Vr.21600533/<br>24.12.16 | സ്റ്റോക്ക്, ബിൽ കൈപ്പറ്റ്എന്നിവയില്ല |
| ആകെ | 24,35,338 | | |

വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 06/25.10.2017 നല്കിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-8 ഫ്ലോറിങ് പ്രവൃത്തികൾക്കുള്ള കോൺക്രീറ്റ് മറ്റ് പ്രവൃത്തികൾക്ക് നൽകുന്നത് മൂലം അധിക ചെലവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ 1:2:4അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിന് DSR 11.7 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇത് ഫ്ളോറിങ് പ്രവൃത്തികൾക്ക് ബാധകമായ നിരക്കാണ്. റോഡ് കോൺക്രീറ്റ് / ഐറിഷ് ഡ്രൈനേജ് പോലുള്ള പ്രവൃത്തികളിൽ DSR 4.1.3 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. തെറ്റായ നിരക്കുകൾ നൽകുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിന് വലിയ തോതിൽ

അധിക ചെലവ് സംഭവിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 3/23.10.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 4.1.3 പ്രകാരമുള്ള ഡാറ്റ ഉപയോഗിക്കുന്നത് അതിന് മുകളിൽ മറ്റ് പ്ലാസ്റ്ററിങ് പോലുള്ള ഫിനിഷിങ് പ്രവൃത്തികൾ വരുന്ന വേളയിലാണ് എന്നും അത്തരം ഫിനിഷിങ് വർക്കുകൾ ചെയ്യാത്തതിനാലാണ് റോഡ് കോൺക്രീറ്റ് / ഐറിഷ് ഡ്രൈനേജ് പ്രവൃത്തികളിൽ DSR 11.7 പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്.

റോഡ് കോൺക്രീറ്റ് / ഐറിഷ് ഡ്രൈനേജ് പ്രവൃത്തികളിൽ ഫ്ളോറിങ് പ്രവൃത്തികൾ പോലെ ഫിനിഷിങ് ആവശ്യമില്ല. മാത്രമല്ല 1:4:8അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മുകളിൽ വിയറിങ് കോട്ട് എന്ന നിലയിലാണ് ഈ പ്രവൃത്തി ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളും ഈ ഇനത്തിന് 4.1.3 പ്രകാരമുള്ള നിരക്കാണ് അനുവദിക്കുന്നത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. തുടർ വർഷങ്ങളിൽ ഇത്തരത്തിൽ തെറ്റായ നിരക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് | നൽകിയ തുക (11.7 പ്രകാരം) | നൽകാവുന്ന തുക (4.1.3 പ്രകാരം) | അധികം |
|---|---|---|---|---|---|
| പട്ടായി പാടം SC കോളനിറോഡ് | റോഡ്കോൺക്രീറ്റ് | $60.43m^3$ | 471464 | 428723 | 42741 |
| ശങ്കരൻ ചിറനവീകരണം(55/17) | ഏപ്രൺ കോൺക്രീറ്റ് | $53.16m^3$ | 243396 | 230984 | 12412 |
| കുമണ്ണ പൂകയൂർ റോഡ് | റോഡ്കോൺക്രീറ്റ് | $51.11m^3$ | 400879 | 380462 | 20416 |

## 3-9 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്തവർക്ക് ധനസഹായം നൽകി

കൃഷി അസി. ഡയരക്ടർ, പരപ്പനങ്ങാടി നിർവ്വഹണം നടത്തിയ "ജൈവകൃഷി - വള്ളിക്കുന്ന് ഗ്രാ.പ.ന് വിഹിതം" എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ : SOO85/17) 2016-17 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 4,00,000രൂപ ചെലവഴിച്ചിട്ടുണ്ട് ( ട്രഷറി ബിൽ നമ്പർ/തീ: 1/16-17, 18-3-17). ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാ.പ.ൽ നിന്നും ലഭ്യമാക്കിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചിലർക്ക് ധനസഹായം അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെചേർക്കുന്നു.

| ഗുണഭോക്താവ് | അനുവദിച്ച തുക (GP + BP) | ബ്ളോക്ക് വിഹിതം( @ 33%) |
|---|---|---|
| ശ്രീമതി ബേബി പി, W/o ഷാജി പുനത്തിൽ ഹൗസ് , കൊടക്കാട് | 27,000 | 8,910 |
| ശ്രീമതി പ്രേമ പി, W/o വേലായുധൻകുട്ടി, പുനത്തിൽ ഹൗസ്, കൊടക്കാട് | 14,400 | 4,752 |

| | | |
|---|---|---|
| | | 13662 |

ഇപ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തയാൾക്ക് ധനസഹായം അനുവദിക്കാനിടയായതിന് 24-10-17ന് അസി.ഡയരക്ടർ(കൃഷി) ലഭ്യമാക്കിയ മറുപടിയിൽ, ശ്രീമതി ലിജി W/o ഷാജി പുനത്തിൽ, ശ്രീമതി പ്രേമ,W/o വേലായുധൻകുട്ടി എന്നിവരാണ് യഥാർത്ഥ ഗുണഭോക്താക്കൾ എന്നും ശ്രീമതി ലിജി എന്നവർ തന്നെയാണ് ബേബി എന്ന പേരിൽ അറിയപ്പെടുന്നതെന്നും പ്രേമയുടെ മകന്റെ പേരാണ് പ്രബീഷ് എന്നും അറിയിച്ചിട്ടുണ്ട്. ടി വസ്തുതകൾ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക , 13,662 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 നിക്ഷേപത്തുകകൾ - സമയപരിധി കഴിഞ്ഞവ സംബന്ധിച്ച്

വാർഷികകണക്കുകൾ പ്രകാരം 31-3-17ന് 6,12,103 രൂപ നിക്ഷേപം ഇനത്തിൽ അവശേഷിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ 1-4-16 തീയതിയിൽ മുന്നിരിപ്പായി 12,000 രൂപ നിക്ഷേപം ഉണ്ടെന്ന് കാണുന്നു. നിക്ഷേപ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ടി തുക എന്ന് മുതലുള്ള നിക്ഷേപമാണെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തിരിച്ചുനൽകാനുള്ള സമയപരിധി കഴിഞ്ഞ തുകയാണെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

## 3-11 മുൻകൂർ തുകകൾ ക്രമീകരിക്കേണ്ടതാണ്

വാർഷികകണക്കുകൾ പ്രകാരം 31-3-17 തീയതിയിൽ മുൻകൂർ ഇനത്തിൽ 58,42,149 രൂപ വിവിധ ഇനങ്ങളിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ലെഡ്ജറുകൾ പരിശോധിച്ചതിൽ വളരെ വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച മുൻകൂർ തുകകളും മേൽ തീയതിയിലെ ബാലൻസ് തുകയിൽ ഉൾപ്പെടുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | അനുവദിച്ച തീയതി |
|---|---|---|
| Dialysis unit electrification, THQH,തീരൂരങ്ങാടി | 37,250 | 23-10-13 |
| Honorarium to Prerak | 6,080 | 28-2-13 |
| Advance to Gandhi Jayanthi celebration | 5,000 | 3-10-13 |

മേൽ പരാമർശിച്ച പ്രകാരമുള്ള മുൻകൂർ തുകകൾ പിന്നീട് ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അവ വാർഷികകണക്കുകളിൽ നിന്ന് ഒഴിവാക്കേണ്ടതും കണക്കുകൾ ക്രമീകരിക്കേണ്ടതുമാണ്. ഇല്ലയെങ്കിൽ ആയത് 18% പലിശയോടുകൂടെ തിരികെ ഈടാക്കേണ്ടതാണ്.

## 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - വിശദവിവരങ്ങൾ ലഭ്യമല്ല

SCDO നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ൽ നടപ്പിലാക്കിയ "പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രൊജക്ട് പ്രകാരം തൻ

വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്(Try. Bill Nos/Date: 2/16-17,6-3-17, 5/16-17,29-3-17).ഇപ്രകാരം പഠനമുറിക്കായി ധനസഹായം അനുവദിക്കുന്നതിന് സ.ഉ.(സാധാ)നം.626/2016/LSGD, തീ: 15-2-16പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിരുന്നു. ആയത് പ്രകാരം ധനസഹായം അനുവദിക്കപ്പെടുന്നവരുടെ നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണം ഉള്ളതായിരിക്കണം. കൂടാതെ, അധികമായി നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണവുംഉണ്ടായിരിക്കണം. മേൽ ചെലവിന്റെ രേഖകൾ പരിശോധിച്ചതിൽ

ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം അവരുടെ നിലവിലുള്ള വീടിന്റെയും പുതിയതായി നിർമ്മിക്കുന്ന പഠനമുറിയുടെയും വിസ്തീർണ്ണത്തെ സംബന്ധിച്ച രേഖകൾ സമർപ്പിച്ചതായി കാണുന്നില്ല( നൽകിയ തുക 50,000 വീതം)

| ഗുണഭോക്താവ് | Try.Bill No./Date |
|---|---|
| കൊറ്റിക്കുട്ടി കെ, പൊറ്റമ്മൽ ഹൗസ്, പാണമ്പ്ര, തേഞ്ഞിപ്പലം | 5/16-17,29-3-17 |
| സുമ കെ, തെക്കേക്കണ്ടിയിൽ, പെരുവള്ളൂർ | 2/16-17, 6-3-17 |
| മനോഹരൻ, ചെറുകുടിപറമ്പിൽ, നന്നമ്പ്ര | 2/16-17, 6-3-17 |

മേൽ ഗുണഭോക്താക്കളുടെ നിലവിലുള്ള വീടിന്റെയും പുതിയതായി നിർമ്മിക്കുന്ന പഠനമുറിയുടെയും വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./തീയതിഃ 11/26-10-2017)മറുപടി ലഭ്യമായിട്ടില്ല).

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1008000 | പ്രധാനമന്ത്രി ആവാസ് യോജന (എസ്.സി) 2016-17 | 567000 | 441000 |
| ,, | 1260000 | പ്രധാനമന്ത്രി ആവാസ് യോജന (ജനറൽ)2016-17 | 896000 | 364000 |
| ,, | 5800000 | ഐ.എ.വൈ 2012-13 മുതൽ 2015-16 വരെയുള്ള സർക്കാർ വിഹിതം | 5800000 | - |

| | | | | |
|---|---|---|---|---|
| ,, | 840000 | ഐ.എ.വൈ 2015-16 വരെയുള്ള സർക്കാർ വിഹിതം | 840000 | - |
| ,, | 250000 | ഐ.എ.വൈ2015-16 വരെയുള്ള സർക്കാർ വിഹിതം | 250000 | - |
| മുന്നിയൂർ ഗ്രാമ പഞ്ചായത്ത് | 120000 | പ്രധാനമന്ത്രി ആവാസ് യോജന (ജനറൽ) 2016-17 | 40000 | 80000 രൂപ 24.5.2017 ന് തിരിച്ചടച്ചു |
| ,, | 240000 | ഐ.എ.വൈ (എസ്.സി) 2015-16 | 240000 | - |
| ,, | 80000 | ഐ.എ.വൈ (ജനറൽ) 2015-16 | 80000 | - |
| ,, | 25000 | ഐ.എ.വൈ (എസ്.സി അധിക വിഹിതം) 2015-16 | 25000 | - |
| ,, | 500000 | ,, | 500000 | - |
| നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് | 80000 | ഐ.എ.വൈ (ജനറൽ) 2015-16 | 80000 | - |
| ,, | 60000 | ഐ.എ.വൈ (എസ്.സി) 2015-16 | 60000 | - |
| ,, | 175000 | ഐ.എ.വൈ (എസ്.സി അധിക വിഹിതം) 2015-16 | 175000 | - |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 220000 | ഐ.എ.വൈ (എസ്.സി) 2015-16 | 220000 | - |

| | | | | |
|---|---|---|---|---|
| ,, | 100000 | ഐ.എ.വൈ (ജനറൽ) 2015-16 | 100000 | - |
| ,, | 60000 | ഐ.എ.വൈ (എസ്.സി) 2015-16 | 60000 | - |
| ,, | 350000 | ഐ.എ.വൈ (എസ്.സി അധിക വിഹിതം) 2015-16 | 350000 | - |
| ,, | 420000 | പ്രധാനമന്ത്രി ആവാസ് യോജന (ജനറൽ) 2016-17 | 340000 | 80000 |
| തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് | 105143 | ഐ.എ.വൈ (ജനറൽ) 2015-16 | 105143 | - |
| ,, | 134597 | ഐ.എ.വൈ (ജനറൽ) 2015-16 | 134597 | - |
| ,, | 260000 | പ്രധാനമന്ത്രി ആവാസ് യോജന (ജനറൽ) 2016-17 | 180000 | 80000 |
| വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് | 450000 | ഐ.എ.വൈ (എസ്.സി) 2015-16 | 375000 | 75000 (75000 രൂപ ചെക്ക് 1260 തീയതി 19.09.2017 ന് തിരിച്ചടച്ചു) |
| പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത് | 780000 | ഐ.എ.വൈ (എസ്.സി) 2015-16 | 780000 | - |

| | | | | |
|---|---|---|---|---|
| ,, | 100000 | ഐ.എ.വൈ (എസ്.സി അധിക വിഹിതം) 2015-16 | 100000 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 29/4.3.2017 | 2275000 | - | ലഭ്യമായിട്ടില്ല | 2275000 |
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | വൈദ്യുതി ലൈൻ നീട്ടൽ | 23/27.2.2017 | 1855873 | 1855873 | പൂർത്തീകരിച്ച | - |
| ,, | സമ്പൂർണ്ണ വൈദ്യുതീകരണം | 29/16.3.2017 | 566608 | 566608 | ,, | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 64401 രൂപ ഈടാക്കിയിട്ടുണ്ട്

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം തീയതി |
|---|---|---|---|---|
| 2001-02 | ലഭ്യമല്ല | 1805 | സൈതലവി s/oഅലവി | 11603400010/22.9.2016 |
| ,, | ,, | 2580 | എം. അലവി S/O അവറാൻ | 1160300011/22.9.2016 |

| | | | | |
|---|---|---|---|---|
| ,, | ,, | 2785 | മുഹമ്മദ് S/O അലവിക്കുട്ടി | 11603400012/22.9.2016 |
| ,, | ,, | 10265 | കെ.കെ.കുഞ്ഞിമുഹമ്മദ് | 11603400013/24.9.2016 |
| ,, | ,, | 3000 | ഉണ്ണിക്കൃഷ്ണൻ.ഇ S/O ചന്ദു | 11603100014/ 15.10.2016 |
| ,, | ,, | 1669 | ,, | 11603100017/ 15.11.2016 |
| ,, | ,, | 2134 | കെ.പി.ബാലൻ S/O ശങ്കരൻകുട്ടി | 11603100018/ 15.11.2016 |
| ,, | ,, | 6896 | പി.പി.സൈതലവി | 11603100055/ 30.1.2017 |
| | ,, | 26743 | മൊയ്തീൻകുട്ടി | 11603100030/ 2.3.2017 |
| | ,, | 1643 | ഉണ്ണിക്കൃഷ്ണൻ.ഇ S/O ചന്ദു | 11603100031/ 2.3.2017 |
| | ,, | 1634 | ഉണ്ണിക്കൃഷ്ണൻ.ഇ S/O ചന്ദു | 11603100035/ 11.3.2017 |
| | ,, | 3247 | മൊയ്തീൻകുട്ടി | 11603100070/ 29.3.2017 |
| | | 64401 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2001-02 | 3(7) | 2006-07 | പൊതുമരാമത്ത്- അരി വിതരണം | ബഹു. നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2001-02 | 3(8) | 2006-07 | ,, | |
| 2007-08 | 3(32) | 2010-11 | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100459076 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79516256 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 177855 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3629000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 103790 | Rs.51895ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs.51895.ശ്രീമതി. സലീല,അസി.എഞ്ചിനീയർ |
| 3-2 | 28439 | Rs.14219.50ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs.14219.50ശ്രീമതി. സലീല,അസി.എഞ്ചിനീയർ |
| 3-3 | 11138 | Rs.5569ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs.5569 ശ്രീമതി. സലീല,അസി.എഞ്ചിനീയർ |
| 3-4 | 20257 | Rs. 10128.50 ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs.10128.50ശ്രീമതി. സലീല,അസി.എഞ്ചിനീയർ |
| 3(6) | 14231 | |
| ആകെ | 177855 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(5) | 1030000 | ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ |
| 3(7) | 2435338 | ശ്രീ. പി.ബൈജു. സെക്രട്ടറി |
| 3(9) | 13662 | ശ്രീമതി. സ്മിത .കെ.എസ് ശിശു വികസന ഓഫീസർ |
| 3(12) | 150000 | ശ്രീ. ചക്രാധർ. പട്ടികജാതി വികസന ഓഫീസർ |
| ആകെ | 3629000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം :

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണൻകുട്ടി.പി. അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | പുതുപറമ്പിൽ (ഹൗസ്),<br>വള്ളുവമ്പ്രം (പി.ഒ),<br>മലപ്പുറം. 673642 |
| ശ്രീമതി.സലീല,അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | ടാഗോർ നഗർ 100,<br>ചാരുവിള പുത്തൻവീട്,<br>പുന്തലത്താഴം,കൊല്ലം.691004 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-97 | എൽ.എഫ്.എം.12/56/00/10-2-00 | 2 | |
| 97-98 | എൽ.എഫ്.എം.12/40/00/23-9-00 | 15 | |
| 98-99 | എൽ.എഫ്.എം.12/522/00/22-4-02 | 8 | |
| 99-00 | എൽ.എഫ്.എം.12/490/00/7-6-01 | 7 | |
| 2000-01 | എൽ.എഫ്.എം.16/1914 /12/2-11-12 | 6 | |
| 2001-02 | എൽ.എഫ്.എം.14/1672 /06/29-3-07 | 6 | |

| | | | |
|---|---|---|---|
| 02-03 | എൽ.എഫ്.എം.17/1693 /06/14-3-07 | 3 | |
| 03-04 | എൽ.എഫ്.എം.4/225/12/31-10-12 | 8 | |
| 04-05 | എൽ.എഫ്.എം.17/932/07/7-5-08 | 5 | |
| 05-06 | എൽ.എഫ്.എം.4/256/12/15-9-12 | 5 | |
| 06-07 | എൽ.എഫ്.എം.16/2499 /12/30-10-12 | 9 | |
| 07-08 | എൽ.എഫ്.എം.16/2500 /12/21-1-13 | 30 | |
| 08-09-11-12 | എൽ.എഫ്.എം.4/2430/13/6-3-14 | 17 | |
| 12-13-13-14 | എൽ.എഫ്.എം.4/2483 /14/31-10-14 | 10 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345 /16/9.3.16 | 12 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551 /17/17.3.17 | 10 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1

# Audit cetificarte

No.KSA/MPM.4/2337/17

Kerala State Audit Department

District office ,Malappuram
Phone: 0483 -2734951

Email:dompm.ksad@kerala.gov.in

Date:01-11-2017

Certified that I have audited the Annual Financial Statement of Tirurangadi block panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Tirurangadi block panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

## അനുബന്ധം-2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.4/2337/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി.01-11-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.11/17